റോഡുകളുടെ അറ്റകുറ്റ പണികൾ

* 291. [314] ശ്രീ. പന്തളം സുധാകരൻ :
,, ജി. കാർത്തികേയൻ :
,, എം. എം. ഹസ്സൻ :
,, മണിമംഗലത്തു കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക കെടുതിമൂലം നാശം സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക വിനിയോഗിച്ച് പണികൾ പൂർത്തിയാക്കുകയുണ്ടായോ ;

(ബി) ഇതിനായി അനുവദിച്ച തുകയെത്ര ; ചെലവായ തുകയെത്ര ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ച് പണികൾ ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര ദുരിതാശ്വാസ സഹായത്തിൽ നിന്നും പൊതുമരാമത്തു വകുപ്പിലെ റോഡുകളും പാലങ്ങളും വിഭാഗത്തിന് 34.60 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിന് 1.46 കോടി രൂപയും അനുവദിച്ചിരുന്നു. റോഡുകളും പാലങ്ങളും വിഭാഗം 35.38 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗം അനുവദിച്ച തുക മുഴുവനും ചെലവാക്കിയിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : ഈ സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസമെന്ന നിലയിൽ കേന്ദ്രം അനുവദിച്ച തുകയിൽ നിന്ന് എത്ര രൂപയാണ് റോഡുകൾ നന്നാക്കുന്നതിനുവേണ്ടി ഉപയോഗിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത് ? എന്ന് വ്യക്തമാക്കാമോ ;

ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : ഈ സാമ്പത്തിക വർഷത്തിലെ കാര്യം പൂർണ്ണമായും തീരുമാനമായിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ : ഈ തുക ഉപയോഗിച്ച് എത്ര റോഡുകൾ പണിയാൻ കഴിയും എന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത് ?

ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : പണിത് കഴിഞ്ഞതാണ് കഴിഞ്ഞ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പണിഞ്ഞ് കഴിഞ്ഞതിനെ സംബന്ധിച്ചാണ് പറഞ്ഞത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഈ പണി തീർത്തവർക്ക് ഇനിയും ധാരാളം കാശ് കൊടുക്കാനുണ്ടോ ? അതോ ഈ തുക ഉള്ളതുകൊണ്ട് വേഗം കൊടുത്തുതീർക്കാൻ കഴിയുമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : ഈ തുക ഉള്ളതുകൊണ്ട് എളുപ്പം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും സാധാരണ കോൺട്രാക്ടർമാർക്ക് കൊടുക്കുന്നതിന് ബാക്കിയുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി : പ്രകൃതിക്ഷോഭം മൂലം ഉണ്ടായ അറ്റകുറ്റപ്പണികൾക്കുവേണ്ടി അനുവദിച്ച ഈ തുക വിനിയോഗിച്ച കാര്യത്തിൽ ചില ജില്ലകളോട് വിവേചനം ഉണ്ടായിട്ടുണ്ടെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അത് ഗവൺമെന്റിന്റെ വിവേചനം കൊണ്ടല്ല. ഈ വെള്ളപ്പൊക്കം ഉണ്ടായതിൽ ചില വിവേചനം ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ കുറ്റംകൊണ്ടല്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ഞാൻ പറയാം സർ, കോഴിക്കോട് ജില്ലയിൽ ഈ വെള്ളപ്പൊക്കം ദുരിതാശ്വാസമെന്നുള്ള നിലയ്ക്ക് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക വളരെ അപര്യാപ്തമായിപ്പോയി എന്നും ഇത് അഫക്റ്റ് ചെയ്യാത്ത മറ്റു ചില ജില്ലകളിൽ അധികം പണം അനുവദിച്ചു എന്നുമുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : കഴിഞ്ഞ കൊല്ലത്തെ പ്രവർത്തനം ആണ്. അതിനെ സംബന്ധിച്ച് ഇതുവരെ ആക്ഷേപം ഉണ്ടായിട്ടില്ല. കോഴിക്കോട് ജില്ലയിൽ ഒരു പക്ഷേ വെള്ളപ്പൊക്കം കുറവായിരിക്കാം. അത് കൊണ്ടായിരിക്കും ബഹു. മെമ്പർ കുട്ട്യാലി പറയുന്നത്.

ശ്രീ. ഒ. ഭരതൻ : നാഷണൽ ഹൈവേയുമായി ബന്ധപ്പെടുന്നതും നാലഞ്ചു പഞ്ചായത്തുകളുടെ മദ്ധ്യത്തിലൂടെ കടന്നുപോകുന്നതുമായ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി തന്നെ നേരിട്ട് സന്ദർശിച്ച് കുട്ടമത്ത് ചീമേനി റോഡ് ഇന്നും വലിയ ശോചനീയാവസ്ഥയിലാണ് എന്നുള്ള കാര്യം പരിഗണിച്ച് അതിന്റെ പണി അടിയന്തിരമായി നിർവ്വഹിക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഈ പണി വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഈ റോഡിന്റെ പണി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ച് ആലോചിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് എത്ര കിലോമീറ്റർ ദൂരം ചെലവുവരുന്ന റോഡുകൾക്കാണ് നഷ്ടമുണ്ടായിട്ടുള്ളത് ? പൊതുമരാമത്തുവകുപ്പിന് വെള്ളപ്പൊക്കംമൂലം റോഡുകൾ എത്ര മാത്രം നഷ്ടമായിട്ടുണ്ട്, എത്ര രൂപയാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നത്, അതിൽ എത്ര സംഖ്യ കിട്ടി, എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ആകെ കിട്ടിയതിൽ 35 കോടിയിൽപ്പരം രൂപയാണ് പൊതുമരാമത്തു വകുപ്പിലേക്ക് കിട്ടിയത്. ആകെ ഇവിടെ ബഹുമാനപ്പെട്ട റവന്യു മിനിസ്റ്റർ പറഞ്ഞതുപോലെ 124,130 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ. ഇവിടെ പൊതുമരാമത്തു വകുപ്പ് ആവശ്യപ്പെട്ടത് 44.26 കോടി രൂപ വേണമെന്നാണ്. പക്ഷേ അതിൽ കിട്ടിയ രൂപയാണ് ഞാൻ നേരത്തെ ഇവിടെ വായിച്ചത്. ഇപ്പോഴും എടുത്ത പ്രവർത്തനങ്ങൾ തീരണമെങ്കിൽ തന്നെ അതിന്റെ എക്സൈസ് അടക്കം 52.32 കോടി രൂപ ആവശ്യമാണ്. അതിൽ 34 കോടിയിൽപരം രൂപയാണ് നമുക്ക് കിട്ടിയത്. ബാക്കിയുള്ള സംഖ്യ ജനറൽ അലോട്ടുമെന്റിൽ നിന്ന് എടുക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജെ. ലൂക്കോസ് : വെള്ളപ്പൊക്ക കെടുതികൾ മൂലം ഉണ്ടായ അറ്റകുറ്റപ്പണികൾക്ക് കോട്ടയം ജില്ലയിൽ ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഓരോ ജില്ലയുടെയും കണക്ക് വേണമെങ്കിൽ ഞാൻ വേറെ സമർപ്പിക്കാം. ഇപ്പോൾ അത് എന്റെ കൈയ്യിലില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഇക്കഴിഞ്ഞ വർഷം വെള്ളപ്പൊക്കമുണ്ടായപ്പോൾ ഒലിച്ചുപോയ റോഡുകൾ നന്നാക്കാതെ പുതിയ റോഡുകൾ എന്തുമാത്രം ഉണ്ടാക്കിയിട്ടുണ്ട് ? ഇതിന്റെ കണക്ക് മന്ത്രിക്ക് നൽകാനാകുമോ ? ഒലിച്ചുപോയ റോഡുകൾ ശരിയാക്കാനാണ് പൈസ കിട്ടിയത്. എന്റെ നിയോജകമണ്ഡലത്തിൽ ഒലിച്ചുപോയ റോഡുകളിൽ അഞ്ചാറെണ്ണം ഉണ്ട്. ഇതിന്റെ ലിസ്റ്റ് അന്ന് കൊടുത്തതാണ്. എന്നിട്ടും അതൊന്നും തന്നെ നന്നാക്കിയിട്ടില്ല. പുതിയ റോഡുകളുടെ പണി വേറെ പല നിയോജകമണ്ഡലത്തിലും നടക്കുകയുണ്ടായി. അപ്പോൾ എത്ര റോഡുകൾ പുതിയതായി ഉണ്ടാക്കി ? പഴയ ഒലിച്ചുപോയ റോഡുകളിൽ എന്തുമാത്രം നന്നാക്കാതെ വന്നു. ഇതിനെ സംബന്ധിച്ച് വല്ല കണക്കും ഉണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഒലിച്ചുപോയതും പുതിയതുമായതിന്റെ കണക്ക് എന്റെ കൈയ്യിൽ ഇല്ല. നമ്മൾ പ്രാധാന്യം കൊടുത്തത്, വെള്ളപ്പൊക്കത്താൽ കേടുവന്ന റോഡുകൾക്കാണ്. അതിൽ ഒലിച്ചുപോയവയും ഒലിച്ചു പോകാറായവയും വരും. ചില പുതിയ റോഡുകൾ മെറ്റൽ ഇട്ടിട്ടുണ്ടാവാം. അതിന്റെ ശരിയായ ലിസ്റ്റ് എന്റെ കൈയ്യിലില്ല.

ശ്രീ. എ. സി. ജോസ് : പൊതുമരാമത്തു വകുപ്പിൽ പണി എടുക്കുന്ന കോൺട്രാക്ടർമാർക്ക് ബിൽ കിട്ടുന്നില്ലെന്നുള്ള പേരിൽ ധാരാളം പണികൾ ഇപ്പോൾ ആരും കോൺട്രാക്ട് എടുക്കാനില്ലാതെ മുടങ്ങിക്കിടക്കുകയാണ്. അത് പരിഗണിച്ചുകൊണ്ട് കോൺട്രാക്ടർമാരുടെ പെൻഡിംഗ് ബിൽസ് മുഴുവൻ കൊടുത്തു കൊണ്ട് പൊതുമരാമത്തു വകുപ്പിന്റെ ക്രെഡിബിലിറ്റി വീണ്ടെടുക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പണ്ട് ഉണ്ടായിരുന്നതു മാതിരിയുള്ള അനിയേഴ്സ ഇപ്പോൾ ഇല്ല. 1985 അവസാനം വരെയുള്ള ബില്ലുകൾ എല്ലാം കൊടുത്തുതീർത്തിട്ടുണ്ട്. അതിനുശേഷമുള്ള ബില്ലുകൾ മാത്രമേ ബാക്കി കൊടുക്കുവാനുള്ളൂ. നമ്മുടെ പൊതുവായ സാമ്പത്തിക സ്ഥിതി വച്ചുകൊണ്ട് ഈ കുടിശ്ശിക വരുന്നത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സ്റ്റേറ്റ് ഹൈവേകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾക്കുവേണ്ടി കേന്ദ്രം അനുവദിച്ച തുക നമ്മൾ പൂർണ്ണമായും വാങ്ങിച്ചെടുത്തിട്ടുണ്ടോ ? ആ തുക മുഴുവൻ ഉപയോഗിച്ചുകൊണ്ട് സ്റ്റേറ്റ് ഹൈവേകൾക്ക് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സ്റ്റേറ്റ് ഹൈവേക്കുവേണ്ടി നമ്മുടെ ബഡ്ജറ്റിൽ നീക്കി വയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ : കേന്ദ്ര സഹായത്തിന്റെ കാര്യമാണ് ഞാൻ ചോദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അതിനായിട്ട് പ്രത്യേകിച്ച് കേന്ദ്ര സഹായമൊന്നുമില്ല.

ശ്രീ. എം. ജിനദേവൻ : കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് പ്രളയക്കെടുതി മൂലം റോഡുകൾ ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ ഒലിച്ചുപോയിട്ടുള്ളത്. അത് ഇടുക്കി ജില്ലയുടെ മലയോരപ്രദേശങ്ങളിലാണ്. എൻെയും ജോസ് കുറ്റിയാനിയുടെയും നിയോജക മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന റോഡുകളിലാണ് അധികവും ഒലിച്ചുപോയിട്ടുള്ളത്. എന്നാൽ അതിനുശേഷം റോഡുകൾ നന്നാക്കിയത് എല്ലാം തൊടുപുഴ നിയോജക മണ്ഡലത്തിലെ റോഡുകളിലാണ് എന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് സംബന്ധിച്ച് പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അങ്ങനെ ഓരോ മണ്ഡലത്തിൻെറയും കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിൽ പൊതുവെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ പ്രവർത്തനം നടത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇക്കൊല്ലത്തെ വെള്ളപ്പൊക്ക കെടുതിക്ക് സഹായം ആവശ്യപ്പെട്ട ലിസ്റ്റിൽ പി. ഡബ്ല്യു. ഡി. യുടെ നഷ്ടത്തെ സംബന്ധിച്ച് ആവശ്യപ്പെട്ടിട്ടുള്ളതായി ഇവിടെ പറഞ്ഞിരുന്നു. 267 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെന്ന് ഇപ്പോൾ അവസാനമായിട്ട് 27 കോടി രൂപയോളമാണ് സ്റ്റാൻഡിംഗ് ഒക്കെ വന്നിട്ട് പോയതിനുശേഷം അനുവദിച്ചതെന്നാണ് കാണുന്നത്. അതിൽനിന്ന് 5 കോടി രൂപ ഇവിടെ ചെലവാക്കിയത് കിഴിച്ചതിനുശേഷമാണ് സപ്ലിമെൻററി ഡിമാൻറ് പാസ്സാക്കിയതായി കാണുന്നത്. ആ അനുവദിച്ച 27 കോടി രൂപയിൽ പൊതുമരാമത്ത് വകുപ്പിനുവേണ്ടി എത്ര തുക അലോട്ട് ചെയ്തിട്ടുണ്ടെന്നും എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നതെന്നും വ്യക്തമാക്കാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അക്കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. അതിൻെറ ശരിയായ ഫിഗർ ആയിട്ടില്ല. 27 കോടി രൂപ കിട്ടിയെന്ന് പറഞ്ഞത് പൊതുമരാമത്തുവകുപ്പിന് മാത്രമല്ല ഗവൺമെൻറിന് മൊത്തമായിട്ടാണ്. അതിൽ 5 കോടി കൂടി കിട്ടണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണമായ തുക നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല.

നീതിമേളകൾ നടത്താൻ ഗവൺമെൻറിൻെറ സഹായം

*292. [315] ശ്രീ. വി. കെ. രാജൻ :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയും മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നടന്ന നീതി മേളകൾ പരിഗണിച്ച കേസുകളുടെ സ്വഭാവം-തരംതിരിച്ച് പ്രസ്താവിക്കുമോ ;

(ബി) ഈ നീതിമേളകൾ നടത്താൻ സംസ്ഥാന ഗവൺമെൻറ് എന്തൊക്കെ സഹായങ്ങൾ ചെയ്തെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly